**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1011** **09-10-2024 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിയിലെ പൊതു സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിലെ പൊതു സ്ഥലം മാറ്റത്തിന്റെ കരട് പട്ടികയ്ക്കൊപ്പം ക്യൂ ലിസ്റ്റ് പുറത്തിറക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കരട് പട്ടികയ്ക്കൊപ്പം ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതെന്ന് വ്യക്തമാക്കുമോ; 2024 വർഷത്തെ കരട് പട്ടികയ്ക്കൊപ്പം കരട് ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിന് നിയമപരമായ തടസ്സം ഉണ്ടോയെന്ന് അറിയിക്കുമോ ; | (എ) | കരട് പട്ടികയ്ക്കൊപ്പം ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനെ തുടർന്ന് ലഭിച്ച അപ്പീലുകൾ പരിഗണിച്ചു തീർപ്പാക്കി അന്തിമപട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം ക്യൂ ലിസ്റ്റ് അഥവാ കേഡർ വൈസ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് കേരള വാട്ടർ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നിയമപരമായ തടസ്സം ഒന്നുംതന്നെ ഇല്ല. |
| (ബി) | ആരാണ് ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതെന്ന് അറിയിക്കുമോ ; നിക് സോഫ്റ്റ്‌വെയർ തകരാർ കാരണമാണോ ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയാത്തതെന്നു വ്യക്തമാക്കുമോ; | (ബി) | ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടത് ജനറൽ ട്രാൻസ്ഫർ - 2024 സ്റ്റേറ്റ് ലെവൽ ഓഫീസർ, നോഡൽ ഓഫീസർ എന്നിവരാണ്. NIC സോഫ്റ്റ്‌വെയർ തകരാർ മൂലമല്ല ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത്. കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനെ തുടർന്ന് ലഭിച്ച അപ്പീലുകൾ പരിഗണിച്ചു തീർപ്പാക്കി അന്തിമപട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം ക്യൂ ലിസ്റ്റ് അഥവാ കേഡർ വൈസ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | പതിനഞ്ചിലേറേ വർഷമായി ഒരേ ഓഫീസിൽ ജോലി ചെയ്യുന്നവരെ ഇനിയും അവിടെ തുടരാൻ അനുവദിക്കുമോയെന്ന് അറിയിക്കുമോ ? | (സി) | 2024 പൊതു സ്ഥലം മാറ്റ നടപടികളുടെ ഭാഗമായി ഒരു സ്റ്റേഷനിൽ 5 വർഷം പൂർത്തിയായ ജീവനക്കാരുടെ പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത പട്ടികയിലും, കരട് പട്ടികയിലും ഉൾപ്പെട്ട ജീവനക്കാരുടെ അപ്പീലും, സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന മുൻഗണന ക്രമം, പ്രത്യേക പരിഗണന എന്നിവ പരിഗണിച്ച ശേഷമാണ് അന്തിമ പട്ടിക പുറത്തിറക്കിയിരിക്കുന്നത്. അപ്രകാരം അന്തിമ പട്ടിക പുറത്തിറക്കുമ്പോൾ 5 വർഷത്തിലേറെ ഒരേ സ്റ്റേഷനിൽ തുടരുന്ന ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ